സയ്യിദ് അബുൽ അഅ്ലാ മൗദൂദി

# എന്താണ് ഇഖാമത്തുദ്ദീൻ?

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ളത് ഇഖാമത്തുദ്ദീൻ (ദീനനെ സ്ഥാപിച്ചു നിലനിർത്തുക) ആകുന്നു. ഇഖാമത്തുദ്ദീനിന്റെ അർഥവും വിവക്ഷയും ജ.ഇ.യുടെ സ്ഥാപകൻ തന്നെ വിശദമാക്കുകയാണ് ചുവടെ. മൗദൂദി തന്റെ പ്രശസ്ത ഖുർആൻ വ്യാഖ്യാനഗ്രന്ഥമായ 'തഫ്ഹീമുൽ ഖുർആനി'ൽ വിശുദ്ധ ഖുർആനിലെ 42 : 13 സൂക്തത്തിന് നൽകിയ വ്യാഖ്യാനമാണ് ഇവിടെ എടുത്ത് ചേർക്കുന്നത്.

നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും ദിവ്യസന്ദേശം വഴി ഇപ്പോൾ താങ്കളിലേക്കയച്ചിട്ടുള്ളതും ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോടനുശാസിച്ചിരുന്നതുമായ അതേ ദീനീസരണി തന്നെ നിങ്ങൾക്ക് നിയമിച്ചു തന്നിരിക്കുന്നു. ഈ ദീനിനെ നിലനിർത്തുവിൻ, ഇതിൽ ഭിന്നിക്കരുത് എന്ന താക്കീതോടുകൂടി. പ്രവാചകരെ, താങ്കൾ ഇവരെ പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്ന ഈ സംഗതി ഈ ബഹുദൈവ വിശ്വാസികൾക്ക് ഏറ്റം അസഹ്യമായിത്തീർന്നിരിക്കുന്നു. താനിഛിക്കുന്നവനെ അല്ലാഹു തന്റേതാക്കിയെടുക്കുന്നു. അവങ്കലേക്ക് മടങ്ങുന്നവർക്ക് അവൻ തന്നിലേക്കുള്ള വഴി കാട്ടിക്കൊടുക്കുകയും ചെയ്യുന്നു.

മുഹമ്മദ് നബി (സ) ഒരു പുത്തൻ മതത്തിന്റെ ഉപജ്ഞാതാവല്ല. പ്രവാചകവര്യന്മാരിൽ ആരുംതന്നെ സ്വന്തമായ ഒരു മതം സ്ഥാപിക്കുന്നില്ല. പ്രത്യുത ആദിമുതലേ പ്രവാചകന്മാരെല്ലാം അവതരിപ്പിച്ചിരുന്നത് അല്ലാഹുവിങ്കൽനിന്നുള്ള ഒരേയൊരു മതം തന്നെയാണ്. അതുതന്നെയാണ് മുഹമ്മദ് നബി(സ)യും പ്രബോധനം ചെയ്തുകൊണ്ടിരിക്കുന്നത്. മഹാപ്രളയാനന്തരം നിലനിൽക്കുന്ന മനുഷ്യവംശത്തിലെ പ്രഥമ പ്രവാചകനായിരുന്ന ഹ. നൂഹി(അ)ന്റെ നാമമാണ് ഈ പരമ്പരയിൽ ആദ്യം പരാമർശിച്ചിട്ടുള്ളത്. അനന്തരം അന്ത്യപ്രവാചകനായ നബി(സ)യെ പരാമർശിച്ചിരിക്കുന്നു. പിന്നെ അറബികൾ സ്വന്തം മതാചാര്യനായി അംഗീകരിച്ചിട്ടുള്ള ഹസ്രത്ത് ഇബ്റാഹീമി(അ)ന്റെ പേർ വരുന്നു. അവസാനമായി ജൂതന്മാരു ക്രിസ്ത്യാനികളും തങ്ങളുടെ മതത്തെ ബന്ധിപ്പിച്ചിട്ടുള്ള ഹ. മൂസായെയും ഈസായെയും (അ) പരാമർശിച്ചിരിക്കുന്നു. ഈ പഞ്ചമഹാപ്രവാചകന്മാർ മാത്രമാണ് ഈ രീതിയിൽ മാർഗദർശനം ചെയ്യപ്പെട്ടവർ എന്നല്ല ഇതിന്റെ താൽപര്യം. ഈ ലോകത്ത് ഏതെല്ലാം പ്രവാചകർ ആഗതാരിയിട്ടുണ്ടോ അവരെല്ലാം ഒരേയൊരു ദീൻ തന്നെയാണ് കൊണ്ടുവന്നിട്ടുള്ളത് എന്നു വ്യക്തമാക്കുകയാണ് യഥാർഥ താൽപര്യം. ഉദാഹരണമായി, ലോകത്തിലെ ഏറ്റവും സുപരിചിതമായ ദൈവിക ശരീഅത്തുകളുടെ വാഹകരായിരുന്ന, അതിമഹാന്മാരായ അഞ്ചു പ്രവാചകവര്യന്മാരുടെ പേരുകൾ ചൂണ്ടിക്കാണിക്കുകയാണ്.

ഈ സൂക്തം ദീനിലേക്കും അതിന്റെ ലക്ഷ്യത്തിലേക്കും വളരെ പ്രധാനമായ വെളിച്ചം വീശുന്നുണ്ട്. അതിനാൽ അതിനെ ആഴത്തിൽ അപഗ്രഥിച്ചു വിശദീകരിക്കേണ്ടത് അനിവാര്യമാകുന്നു. നിങ്ങൾക്ക് നിയമിച്ചു തന്നിരിക്കുന്നു (ശറഅ ലകും) എന്നാണ് സൂക്തം തുടങ്ങുന്നത്. 'ശറഅ്' എന്നതിന്റെ ഭാഷാർഥം വഴിയുണ്ടാക്കുക എന്നാണ്. സാങ്കേതികമായി ഈ പദം കൊണ്ട് വിവക്ഷിക്കുന്നത് സമ്പ്രദായം, വ്യവസ്ഥ, ചിട്ട, പ്രമാണം എന്നിവ നിശ്ചയിക്കുകയെത്രെ. ഈ സാങ്കേതികാർഥം പരിഗണിച്ച് അറബിഭാഷയിൽ 'തശ്രീഅ്' എന്ന പദം നിയമനിർമാണ (Legislation) ത്തിനും ശറഅ്, ശരീഅത്ത് എന്നീ പദങ്ങൾ നിയമ(Law)ത്തിനും 'ശാരിഅ്' എന്ന പദം നിയമദാതാവി(Law giver)നും തുല്യപദങ്ങളായി ഗണിക്കപ്പെടുന്നു. ഈ ദൈവിക നിയമനിർമാണം, ഖുർആനിൽ അടിക്കടി വിശദീകരിക്കപ്പെട്ടിട്ടുള്ള മൗലിക യാഥാർഥ്യങ്ങളുടെ പ്രകൃതിപരവും നൈയാമികവുമായ ഫലമാകുന്നു. അതായത്, പ്രപഞ്ചത്തിലെ സകല വസ്തുക്കളുടെയും ഉടമസ്ഥൻ അല്ലാഹു മാത്രമാണ്, അവൻ തന്നെയാണ് മനുഷ്യന്റെ യഥാർഥ രക്ഷകൻ, മനുഷ്യർ തമ്മിൽ ഏതു കാര്യത്തിൽ ഭിന്നിപ്പുണ്ടായാലും അതിൽ തീർപ്പു കൽപ്പിക്കേണ്ടത് അവന്റെ അവകാശമാകുന്നു എന്നീ അടിസ്ഥാന തത്വങ്ങളുടെ യഥാർഥ താൽപര്യം ആത്യന്തികമായ ഉടമയും രക്ഷകനും അധിപതിയും അവൻ മാത്രമാണെങ്കിൽ അതുകൊണ്ടുതന്നെ അനിവാര്യമായും മനുഷ്യനുവേണ്ടി നിയമങ്ങളും വ്യവസ്ഥകളും നിർമിക്കാനുള്ള അവകാശവും ആ നിയമങ്ങളും വ്യവസ്ഥകളും മനുഷ്യനു നൽകാനുള്ള ഉത്തരവാദിത്വവും അവന്നു മാത്രമുള്ളതാകുന്നു. അതുകൊണ്ട് അവൻ തന്റെ ആ ഉത്തരവാദിത്വമിതാ നിർവഹിച്ചിരിക്കുന്നു.

'ദീനിൽനിന്ന്' എന്നാണ് തുടർന്നു പറയുന്നത്. ശാഹ് വലിയുള്ളാഹ് ഇതിനെ തർജമ ചെയ്തിട്ടുള്ളത് പ്രമാണസംഹിതയിൽനിന്ന് എന്നാണ്. അല്ലാഹു അരുളിയ നിയമങ്ങളെല്ലാം പ്രമാണങ്ങളുടെ വകുപ്പിൽപെട്ടതാണ്. ദീൻ എന്നതിന്റെ അർഥംതന്നെ ഒരു സംഗതിയുടെ നേതൃത്വവും അധികാരവും അംഗീകരിച്ചുകൊണ്ട് അതിന്റെ നിയമങ്ങളനുസരിക്കുകയാണ്. ഈ പദം 'സരണി' എന്ന അർഥത്തിൽ പറയുമ്പോൾ അതുകൊണ്ടുദ്ദേശ്യം മനുഷ്യൻ നിർബന്ധമായി തുടരേണ്ടതാണെന്ന് അംഗീകരിച്ചുള്ള മാർഗമേതാണോ, ഏതു മാർഗത്തിന്റെ നിർദേശകനെയാണോ നിർബന്ധമായി അനുസരിക്കപ്പെടേണ്ടവനായി അംഗീകരിച്ചിട്ടുള്ളത്, ആ മാർഗമാകുന്നു. ഈയടിസ്ഥാനത്തിൽ അല്ലാഹുവിനാൽ നിശ്ചയിക്കപ്പെട്ട ഈ മാർഗത്തെ ദീനീനിയമം എന്നു പറയുന്നതിന്റെ വ്യക്തമായ താൽപര്യം ഇപ്രാകാരമാകുന്നു: അതിന്റെ സ്വാഭാവം കേവലം ശുപാർശ (Recommendation)യുടേതോ ഉപദേശത്തിന്റെതോ നിർദേശത്തിന്റേതോ അല്ല. പ്രത്യുത, അടിമകളെ സംബന്ധിച്ചേടത്തോളം ഇത് അവരുടെ ഉടമയുടെ, നിർബന്ധമായി അനുസരിക്കേണ്ട നിയമങ്ങളാകുന്നു. അവയെ അനുസരിക്കാതിരിക്കുന്നതിനർഥം ധിക്കാരമെന്നത്രെ. അവയെ പിൻപറ്റാത്ത ഏതൊരുവനും യഥാർഥത്തിൽ ചെയ്യുന്നത് അല്ലാഹുവിന്റെ യജാനത്വത്തെയും ആധിപത്യത്തെയും സ്വന്തം അടിമത്തത്തെയും നിഷേധിക്കുകയാണ്.

അനന്തരം, ദീനി സ്വഭാവത്തിലുള്ള ഈ നിയമം നൂഹ്, ഇബ്റാഹീം, മൂസ(അ) എന്നിവർക്ക് മാർഗദർശനം ചെയ്തിരുന്ന തുതന്നെയാണെന്നും അതേ മാർഗദർശനം തന്നെയാണ് ഇപ്പോൾ മുഹമ്മദ് നബി(സ)ക്കും നൽകിയിട്ടുള്ളതെന്നും പറഞ്ഞി രിക്കുന്നു. ഈ വാക്യത്തിലൂടെ പല കാര്യങ്ങളും വെളിവാകുന്നുണ്ട്. ഒന്ന്, അല്ലാഹു ഈ നിയമം ഓരോ മനുഷ്യരിലേക്കും നേരിട്ടയച്ചിട്ടില്ല. മറിച്ച്, അപ്പപ്പോഴായി, അവന്ന് ഉചിതമെന്നു തോന്നിയ സന്ദർഭങ്ങളിൽ, തന്റെ ദൂതനായി ഒരു മനുഷ്യനെ നിശ്ചയിക്കുകയും ഈ നിയമസംഹിത അദ്ദേഹത്തെ ഏൽപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. രണ്ട്, ഈ നിയമം ആദിമുതലേ ഒരുപോലെയാണ്. ഒരു കാലത്ത് ഒരു ജനതക്ക് ഒരു ദീൻ നിശ്ചയിക്കുക, മറ്റൊരു കാലത്ത് മറ്റൊരു ജനതക്ക് അതിൽനിന്ന് ഭിന്നവും വിരുദ്ധവുമാ മറ്റൊരു ദീൻ അയക്കുക എന്നതുണ്ടായിട്ടില്ല. ദൈവത്തിങ്കൽനിന്ന് നിരവധി ദീനുകൾ വന്നിട്ടില്ല. എന്നും വന്നിട്ടുള്ളത് ഈയൊരു ദീൻ തന്നെയാണ്. മൂന്ന്, അല്ലാഹുവിന്റെ യജമാനത്വവും ആധിപത്യവും അംഗീകരിക്കപ്പെടുന്നതോടൊപ്പം നിയമങ്ങളയക്കപ്പെടുന്നതിനുള്ള മാധ്യങ്ങളായിരുന്ന ആളുകളുടെ ദൗത്യവും (റിസാലത്ത്) അത് വിശദീകരിക്കപ്പെട്ട ദിവ്യബോധനവും (വഹ്യ്) കൂടി അംഗീകരിക്കൽ ഈ ദീനിന്റെ അവിഭാജ്യഘടകമാകുന്നു. ബുദ്ധിയും ന്യായവും താൽപര്യപ്പെടുന്നതും അത് ദീനിന്റെ അവിഭാജ്യഘടകമായിരിക്കണമെന്നു തന്നെയാകുന്നു. എന്തുകൊണ്ടെന്നാൽ, ദൈവത്തിങ്കൽനിന്നുള്ള ആധികാരിക നിയമമാണെന്നുറപ്പാകാത്തേടത്തോളം കാലം മനുഷ്യന് ഈ നിയമം അംഗീകരിക്കാൻ കഴിയില്ല.

ഈ പ്രവാചകന്മാർക്കെല്ലാം ദീനിസ്വഭാവത്തിലുള്ള ഈ നിയമം നൽകിയത് “അൻ അഖീമുദ്ദീന” എന്നു ഊന്നി കൽപിച്ചുകൊണ്ടാണെന്ന് തുടർന്നു പറയുന്നു. ഈ വാക്യത്തെ ശാഹ് വലിയുല്ലാഹ് അവർകൾ ‘‘ദീനിനെ സ്ഥാപിക്കുക’’ എന്നും ശാഹ് റദീഉദ്ദീൻ അവർകളും ശാഹ് അബ്ദുൽ ഖാദർ അവർകളും ‘‘നിലനിർത്തുക” എന്നും തർജമ ചെയ്തിരിക്കുന്നു. രണ്ടു തർജമകളും ശരിയാണ്. ഇഖാമത്തിന് സ്ഥാപിക്കുക എന്നുമുണ്ട്, നിലനിർത്തുക എന്നുമുണ്ട് അർഥം. പ്രവാചകവര്യന്മാർ (അ) ഈ രണ്ടു ദൗത്യങ്ങൾക്കും നിയുക്തരായിരുന്നു. ഈ ദീൻ എവിടെ സ്ഥാപിതമായിട്ടില്ലയോ അവിടെ അത് സ്ഥാപിക്കുകയായിരുന്നു അവരുടെ പ്രഥമ ബാധ്യത. അത് സ്ഥാപിച്ചിടത്ത് അല്ലെങ്കിൽ നേരത്തെ സ്ഥാപിതമായിട്ടുള്ളിടത്ത് അതിനെ നിലനിർത്തുക അവരുടെ ദ്വിതീയ ബാധ്യതയായിരുന്നു. ഒരു സംഗതി സ്ഥാപിതമായിക്കഴിഞ്ഞ ശേഷമാണല്ലോ അതിനെ നിലനിറുത്തൽ പ്രസക്തമാവുക; അല്ലെങ്കിൽ സംസ്ഥാപനം നേരത്തെ നടന്നിരിക്കുകയും തുടർന്ന് നിലനിൽക്കാൻ നിരന്തരയത്നം ആവശ്യമാവുകയും ചെയ്ത സാഹചര്യത്തിൽ.

ഇവിടെ നാം രണ്ടു ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നു. ഒന്ന്, ദീനിനെ സ്ഥാപിക്കുക എന്നാലെന്താണർഥം? രണ്ട്, സ്ഥാപിക്കാനും പിന്നെ നിലനിർത്താനും കൽപിക്കപ്പെട്ട ‘ദീൻ’ കൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്താണ്?

ഈ രണ്ടു സംഗതികൾകൂടി നന്നായി ഗ്രഹിച്ചിരിക്കേണ്ടതാവശ്യമാകുന്നു. നിലനിർത്തുക അല്ലെങ്കിൽ സ്ഥാപിക്കുക എന്ന പദം ഒരു പദാർഥവുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുമ്പോൾ അതിനർഥം ഇരിക്കുന്നതിനെ എഴുന്നേൽപിക്കുക എന്നതാകുന്നു. ഉദാഹരണമായി മനുഷ്യരെയോ ജന്തുക്കളെയോ നിൽക്കുന്നവരാക്കുക. കിടക്കുന്ന വസ്തുവിനെ നിവർത്തിനിർത്തുക. തൂണോ മുളയോ നാട്ടിനിർത്തുക. അല്ലെങ്കിൽ ഒരു വസ്തുവിന്റെ ചിതറിക്കിടക്കുന്ന ഘടകങ്ങൾ ഒരുമിച്ചുകൂട്ടി ഉയർത്തുക. ഒഴിഞ്ഞ സ്ഥലത്തു കെട്ടിടമുണ്ടാക്കുക ഉദാഹരണം. പക്ഷേ, പദാർഥപരമല്ലാത്ത ആശയപരമായ ഒരു കാര്യത്തെ സംബന്ധിച്ച് നിലനിർത്തുക അല്ലെങ്കിൽ സ്ഥാപിക്കുക എന്നു പറയുമ്പോൾ അതിനർഥം ആ സംഗതിയെ പ്രബോധനം ചെയ്യുക എന്നു മാത്രമല്ല, പ്രത്യുത അർഹമായ രീതിയിൽ അതിനെ പ്രവർത്തിപഥത്തിൽ കൊണ്ടുവരിക, പ്രചരിപ്പിക്കുക, നടപ്പിലാക്കുക എന്നൊക്കെയാണ്. ഉദാഹരണമായി ഒരാൾ തന്റെ ഭരണം സ്ഥാപിച്ചു അല്ലെങ്കിൽ നിലനിറുത്തി എന്നു പറഞ്ഞാൽ, അയാൾ തന്റെ ഭരണത്തിലേക്ക് പ്രബോധനം ചെയ്തു എന്നല്ല അതിനർഥം. മറിച്ച് അയാൾ നാട്ടിലെ ജനങ്ങളെ, തന്നെ അനുസരിക്കുന്നവരാക്കുകയും നാട്ടിലെ എല്ലാ സംവിധാനങ്ങളും തന്റെ വിധികളനുസരിച്ചു നടക്കുമാറുള്ള ഏർപ്പാടുകൾ ഭരണത്തിന്റെ എല്ലാ വകുപ്പുകളിലും ഉണ്ടാക്കിവെക്കുകയും ചെയ്തു എന്നാണ്. അതുപോലെ നീതിന്യായം സ്ഥാപിച്ചു എന്നു പറയുമ്പോൾ അതിനർഥം നീതിനടത്താൻ മുൻസിഫുമാരെ നിശ്ചയിച്ചിട്ടുണ്ടെന്നും അവർ കേസുകൾ കേട്ടുകൊണ്ടിരിക്കുന്നുണ്ടെന്നുമാകുന്നു. അല്ലാതെ, നീതിയുടെയും ന്യായത്തിന്റെയും നന്മകൾ ഉദ്ഘോഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും ജനങ്ങൾക്ക് അത് ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുമല്ല. ഇതേ പ്രകാരം തന്നെ വിശുദ്ധ ഖുർആൻ നമസ്കാരം സ്ഥാപിക്കുക, നിലനിർത്തുക എന്നു പറഞ്ഞാൽ നമസ്കാരം പ്രബോധനം ചെയ്യുക എന്നല്ല അതിനർഥം. പിന്നെയോ, നമസ്കാരം അതിന്റെ എല്ലാ ഉപാധികളോടുംകൂടി സ്വയം നിർവഹിക്കുകയും വിശ്വാസികളിൽ അത് അതിന്റെ ചിട്ടപ്രകാരം പ്രചാരത്തിൽ വരുത്തുന്നതിനു വേണ്ട സംവിധാനമുണ്ടാക്കുകയും ചെയ്യുക എന്നതാകുന്നു. അതിന്റെ ഭാഗമായി പള്ളികളുണ്ടാവണം. ജുമുഅ-ജമാഅത്തുകളിൽ കണിശതയുണ്ടാവണം, സമയനിഷ്ഠയോടെ ബാങ്കുവിളി നടക്കണം. ഇമാമും ഖതീബും നിശ്ചയിക്കപ്പെടണം, ജനങ്ങളിൽ സമയത്തിന് പള്ളിയിൽ പോയി നമസ്കാരം നിർവഹിക്കുന്ന സമ്പ്രദായമുണ്ടാവണം. ഈ വിശദീകരണത്തിനു ശേഷം ഒരുകാര്യം എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. അതായത്, പ്രവാചകവര്യന്മാർ ഈ ദീൻ സ്ഥാപിക്കുക, നിലനിർത്തുക എന്ന് കൽപിക്കപ്പെടുമ്പോൾ അതിന്റെ ഉദ്ദേശ്യം അവർ സ്വയം ഈ ദീനനുസരിച്ച് പ്രവർത്തിക്കണമെന്നു മാത്രമായിരുന്നില്ല. ജനങ്ങൾ ഇതു സത്യമാണെന്നു സമ്മതിക്കുന്നതിനുവേണ്ടി മറ്റുള്ളവരിൽ പ്രബോധനം ചെയ്യുകയും വേണമെന്നു കൂടി മാത്രവുമായിരുന്നില്ല. മറിച്ച്, ജനങ്ങൾ ഇതു സമ്മതിച്ചാൽ, അവിടെനിന്നു മുന്നോട്ടുപോയി മുഴുവൻ ദീനിനെയും അവരിൽ കർമപരമായി നടപ്പിലാക്കുകയും അവരെ അതനുസരിച്ച് പ്രവർത്തിക്കുന്നവരാക്കുകയും വേണമെന്നുകൂടിയായിരുന്നു. പ്രബോധനവും സന്ദേശമെത്തിക്കലും ഈ ദൗത്യത്തിന്റെ അനിവാര്യമായ പ്രാഥമിക ഘട്ടമാണെന്നതിൽ സംശയമില്ല. ആ ഘട്ടത്തിലൂടെയല്ലാതെ രണ്ടാമത്തെ ഘട്ടത്തിലേക്ക് കടക്കുക അസാധ്യമാകുന്നു. പക്ഷേ, (ഈ വിധി നൽകിയിട്ടുള്ളത് സന്ദേശമെത്തിക്കലും പോബോധനം ചെയ്യലും ലക്ഷ്യമാക്കിക്കൊണ്ടല്ലെന്നും മറിച്ച്, ദീനിനെ സ്ഥാപിക്കലും നിലനിറുത്തലും ലക്ഷ്യമാക്കിക്കൊണ്ടാണെന്നും സാമാന്യ ബുദ്ധിയുള്ള ആർക്കും കാണാവുന്നതേയുള്ളൂ. സന്ദേശമെത്തിക്കലും പ്രബോധനവും ഈ ലക്ഷ്യം നേടുന്നതിനുള്ള മാർഗമാണെന്നതു ശരിതന്നെ, പക്ഷേ, സാക്ഷാൽ ലക്ഷ്യം അതല്ലതന്നെ. പിന്നെയല്ലേ, ഒരാൾ അതിനെ പ്രവാചകദൗത്യത്തിന്റെ ഏകലക്ഷ്യമായി നിർദേശിക്കുന്നത്!)

ഇനി രണ്ടാമത്തെ ചോദ്യമെടുക്കുക: എല്ലാ പ്രവാചകന്മാർക്കും പൊതുവായിട്ടുള്ളതെന്താണോ, അതാണ് നിലനിർത്താൻ ആജ്ഞാപിക്കപ്പെട്ട ദീനായി ചിലർ കാണുന്നത്. അവരുടെയെല്ലാം ശരീഅത്തുകൾ വ്യത്യസ്തങ്ങളായിരുന്നു. ഇതനുസരിച്ച് അവർ രൂപീകരിച്ചിട്ടുള്ള അഭിപ്രായം ഇതാണ്: അനിവാര്യമായും ഈ ദീനുകൊണ്ടുദ്ദേശിച്ചുട്ടള്ളത് ശറഇ വിധികളും നിയമങ്ങളുമല്ല; തൗഹീദ്, ആഖിറത്ത്, വേദം, പ്രവാചകത്വം എന്നിവയിൽ വിശ്വസിക്കലും അല്ലാഹുവിനെ ആരാധിക്കലും മാത്രമാണ്. അല്ലെങ്കിൽ അങ്ങേയറ്റംവരെ പോയാൽ അത് എല്ലാ ശരീഅത്തുകളിലും പൊതുവായിട്ടുള്ള മഹത്തായ ധാർമിക മൂല്യങ്ങളും ഉൾകൊള്ളുന്നുണ്ട്. പക്ഷേ, ദീനിന്റെ ഏകാത്മകതയും ശരീഅത്തുകളുടെ വൈവിധ്യവും ഒറ്റനോട്ടത്തിൽ മാത്രം കണ്ട് രൂപീകരിക്കപ്പെട്ട വളരെ ഉപരിവിപ്ലവമായ ഒരു അഭിപ്രായമാണിത്. തിരുത്തപ്പെടാതെ പോയാൽ ഏറെ വളർന്ന്, ദീനി

നെയും ശരീഅത്തിനെയും തമ്മിൽ വേർപെടുത്തുന്നേടത്തോളം എത്താവുന്ന വിധം അപകടകരവുമാണ് ഈ വീക്ഷണം. ഈ അപകടത്തിൽ പെട്ടതുകൊണ്ടാണ് സെന്റ് പോൾ ശരീഅത്ത്‌രഹിത ദീൻ എന്ന സിദ്ധാന്തമാവിഷ്കരിക്കാനും ഹ. ഈസാ(അ)യുടെ ഉമ്മത്തിനെ നശിപ്പിക്കാനും ഇടയായത്. അതിനാൽ, ശരീഅത്തും ദീനും വേറെ വേറെയാക്കുകയും സ്ഥാപിക്കാൻ കൽപിച്ചത് ദീനിനെ മാത്രമാണെന്നും ശരീഅത്തിനെ അല്ലെന്നും തീരുമാനിക്കുകയും ചെയ്യുന്നതോടെ മുസ്‌ലിംകളും ക്രിസ്ത്യാനികളെപ്പോലെ ശരീഅത്തിനെ അപ്രധാനവും അതിന്റെ സംസ്ഥാപനം സ്വയം ലക്ഷ്യമല്ലാത്തതും ആയി കരുതി അവഗണിച്ചുതള്ളുകയും വിശ്വാസകാര്യങ്ങളും വലിയ വലിയ ധാർമിക മൂല്യങ്ങളും മാത്രം അംഗീകരിച്ചു മതിയാക്കുകയും ചെയ്യും. ഇത്തരം ന്യായാധികരണങ്ങളിലൂടെ ദീനിന്റെ അർഥം നിർണയിക്കാൻ തുനിയുന്നതിനു പകരം സ്ഥാപിക്കാനനുശാസിക്കപ്പെട്ട ദീൻ ഏതാണെന്ന് നാമെന്തുകൊണ്ട് അല്ലാഹുവിന്റെ ഗ്രന്ഥത്തോടുതന്നെ ചോദിക്കുന്നില്ല? ദീൻ കൊണ്ടുദ്ദേശ്യം ചില വിശ്വാസപ്രമാണങ്ങളും മഹത്തായ ധാർമിക മൂല്യങ്ങളും മാത്രമാണോ, അതല്ല ശരീഅത്തുവിധികളും കൂടിയാണോ?

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ ദീനായി എണ്ണപ്പെട്ട കാര്യങ്ങളിൽ താഴെ പറയുന്ന കാര്യങ്ങൾകൂടി ഉൾപെട്ടതായി കാണാം!

1. 'ദീൻ അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് ഏകാഗ്രചിത്തരായി അവന് ഇബാദത്ത് ചെയ്യാനും നമസ്കാരം നിലനിർത്താനും സകാത്ത് നൽകാനുമല്ലാതെ അവർ കൽപിക്കപ്പെട്ടിരുന്നില്ല. അതാകുന്നു ഏറ്റവും ശരിയും സാധുവുമായ ദീൻ' (അൽബയ്യിന 5) നമസ്കാരവും സകാത്തും ഈ ദീനിലുൾപെട്ടതാണെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. എന്നാലോ, ഈ രണ്ടു വിധികളും വ്യത്യസ്ത രൂപത്തിലാണുള്ളത്. നമസ്കാരത്തിന്റെ ഇതേ രൂപവും രീതിയും ഇതേ ഘടകങ്ങളും ഇതേ റക്അത്തുകളും ഇതേ ഖിബ്‌ലയും ഇതേ സമയങ്ങളും മറ്റു നിയമങ്ങളും തന്നെയാണ് മറ്റു ശരീഅത്തുകളിലെല്ലാമുള്ളത് എന്നു പറയാൻ യാതൊരാൾക്കും സാധിക്കുകയില്ല. ഇതേപോലെ സകാത്തിനെ സംബന്ധിച്ചും എല്ലാ ശരീഅത്തുകളിലും ഇതുതന്നെയാണ് അതിന്റെ പരിധിയെന്നും ഇതുതന്നെയാണ് അതിന്റെ സംഭരണ വിതരണ നിയമങ്ങളെന്നും ആർക്കും വാദിക്കാനാവില്ല. പക്ഷേ, ശരീഅത്തുകളിൽ വ്യത്യാസമുണ്ടായിട്ടും അല്ലാഹു ഈ രണ്ടു കാര്യങ്ങളെയും ദീനിന്റെ കൂട്ടത്തിൽ എണ്ണിയിരിക്കുന്നു.

2. 'ശവവും രക്തവും പന്നിമാംസവും ദൈവമല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതും... നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.. ഇന്നു ഞാൻ നിങ്ങളുടെ ദീൻ നിങ്ങൾക്ക് സമ്പൂർണമാക്കിത്തന്നിരിക്കുന്നു...'(അൽമാഇദ 3)

ഈ സൂക്തത്തിൽ പരാമർശിച്ച എല്ലാ ശരീഅത്ത് വിധികളും ദീൻ തന്നെയാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

3. 'വേദക്കാരിൽ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാത്തവരും അല്ലാഹുവും അവന്റെ ദൂതനും നിഷിദ്ധമാക്കയതിനെ നിഷിദ്ധമായി ഗണിക്കാത്തവരും സത്യദീനിനെ സ്വന്തം ദീനായി ഗണിക്കാത്തവരുമായ ആളുകളോട് സമരം ചെയ്യുവിൻ' (അത്തൗബ 29)

അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നതോടൊപ്പം അവന്റെ വിധിവിലക്കുകളംഗീകരിക്കലും അനുസരിക്കലുംകൂടി അല്ലാഹുവും അവന്റെ ദൂതനും ൽകിയ ദീനിൽപെട്ടതാണെന്ന് ഈ സൂക്തം തെളിയിക്കുന്നു.

4. 'വ്യഭിചാരിണിയും വ്യഭിചാരിയും, അവരിൽ ഓരോരുത്തരെയും നൂറുവീതം പ്രഹരിക്കുക. അവരോടുള്ള ദാക്ഷിണ്യം, അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തിൽ നിങ്ങളെ ബാധിക്കാതിരിക്കട്ടെ -നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ' (അന്നൂർ 2)

ക്രിമിനൽ നിയമങ്ങൾപോലും ദീനിൽപെട്ടതാണെന്നത്രെ ഇത് മനസ്സിലാക്കിത്തരുന്നത്. ഒരാൾ അല്ലാഹുവിന്റെ ക്രിമിനൽ നിയമങ്ങളനുസരിച്ച് നടക്കുമ്പോൾ അയാൾ അല്ലാഹുവിന്റെ ദീനിന്റെ അനുയായിയാണ്. രാജാവിന്റെ നിയമങ്ങളനുസരിച്ച് നടക്കുമ്പോളോ, രാജദീനിന്റെ അനുയായിയും.

ശരീഅത്ത് നിയമങ്ങളെ കുറിക്കാൻ ഖണ്ഡിതമായും ദീൻ എന്ന പദം തന്നെ ഉപയോഗിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങളാണ് ഇവ നാലും. എന്നാൽ, ഏതെല്ലാം കുറ്റങ്ങളിൽ പ്രതിക്ക് അല്ലാഹു നരകഭീഷണി നൽകിയിട്ടുണ്ടോ (ഉദാ. വ്യഭിചാരം, പലിശഭോജനം, കൊലപാതകം, അനാഥകളുടെ മുതൽ തിന്നുക, നിഷിദ്ധ മാർഗങ്ങളിലൂടെ ആളുകളുടെ മുതൽ കൈവശപ്പെടുത്തുക തുടങ്ങിയവ), ഏതെല്ലാം പാപങ്ങൾക്ക് ദൈവികശിക്ഷ അനിവാര്യമാകുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ (ഉദാ. സ്വവർഗഭോഗം, കൊള്ളക്കൊടുക്കകളിൽ തട്ടിപ്പും വെട്ടിപ്പും നടത്തുക) അവയെല്ലാം സംഭവിക്കാനിടയാകുന്ന സാഹചര്യം ഇല്ലാതാക്കുക എന്നത് അനിവാര്യമായും ദീനിൽതന്നെ എണ്ണപ്പെടേണ്ടതുണ്ട്. കാരണം, ദീൻ എന്നത് നരകത്തിൽനിന്നും രക്ഷിക്കാനായി വന്നതല്ലെങ്കിൽ പിന്നെ എന്തിനായിട്ടു വന്നതാണ്? അതേപോലെ, ഏതെല്ലാം ശരീഅത്ത് നിയമങ്ങളുടെ ലംഘനം ശാശ്വത നരകവാസത്തിന് നിമിത്തമാകുമോ, അത്തരം നിയമങ്ങളും ദീനിന്റെ ഭാഗം തന്നെയായിരിക്കണം. ഉദാ. പിന്തുടർച്ചാവകാശ നിയമങ്ങൾ. ഖുർആൻ അവ വിശദീകരിച്ച ശേഷം പ്രസ്താവിക്കുന്നു.

'അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ പരിധികളെ മറികടക്കുകയും ചെയ്തവനെ നരകത്തിൽ നിത്യവാസിയായി തള്ളുന്നു. അവന് നിന്ദ്യമായ ശിക്ഷയുണ്ട്' ഇതേപ്രകാരം അല്ലാഹു സുദൃഢമായും ഖണ്ഡിതമായും നിഷിദ്ധമെന്നു പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ. ഉദാ. സഹോദരീ സഹോദരന്മാർ തമ്മിലുള്ള വിവാഹം, മദ്യപാനം, മോഷണം, കള്ളസക്ഷ്യം തുടങ്ങിയ കാര്യങ്ങൾ നിഷിദ്ധമാക്കുക ദീനിന്റെ ഇഖാമത്തിൽ (സംസ്ഥാപനത്തിൽ) പെടുന്നതല്ലെങ്കിൽ അതിനർഥം നടപ്പിലാക്കാനുദ്ദേശ്യമില്ലാത്ത കുറെ അനാവശ്യ നിയമങ്ങൾകൂടി അല്ലാഹു നമുക്ക് നൽകിയിട്ടുണ്ടെന്നാണല്ലോ. ഈ ന്യായാധികരണപ്രകാരം, അല്ലാഹു നിർബന്ധമായി നിശ്ചയിച്ചിട്ടുള്ള നോമ്പ്, ഹജ്ജ് തുടങ്ങിയ കർമങ്ങളുടെ സംസ്ഥാപനം പോലും ഈ കപടമായ ഇഖാമത്തുദ്ദീനിൽനിന്ന് ഒഴിവാക്കാൻ സാധ്യമല്ലാതാകുന്നു. റമദാനിലെ 30 ദിവസത്തെ നോമ്പ് മുൻ ശരീഅത്തുകളിലുണ്ടായിരുന്നില്ലല്ലോ. കഅ്ബാ തീർഥാടനമാകട്ടെ, ഇബ്‌റാഹീം വംശത്തിലെ ഇസ്മാഈൽ സന്തതികൾക്ക് ലഭിച്ച ശരീഅത്തുകളിൽ മാത്രം ഉള്ളതായരുന്നു.

വാസ്തവത്തിൽ ഈ അബദ്ധ ധാരണകൾക്കെല്ലാം കാരണം 'ഞാൻ നിങ്ങളിൽ എല്ലാവർക്കും ഒരു ശരീഅത്തും കർമസരണിയും നിശ്ചയിച്ചിട്ടുണ്ട്' എന്ന സൂക്തത്തെ വിപരീത വീക്ഷണത്തിലെടുത്ത് ഇങ്ങനെ അർഥം കൊടുത്തത്രെ. ശരീഅത്ത് ഒരോ സമുദായത്തിനും വെവ്വേറെയായിരുന്നതിനാൽ എല്ലാ പ്രവാചകന്മാർക്കും പൊതുവായിട്ടുള്ള ദീൻ മാത്രം സ്ഥാപിക്കുവാനാകുന്നു വിധി. അതുകൊണ്ട് ഇഖാമത്തുദ്ദീനിനുള്ള കൽപനയിൽ ഇഖാമത്തുശ്ശരീഅഃ ഉൾപെടുന്നില്ല. എന്നാൽ, യഥാർഥത്തിൽ ഈ സൂക്തത്തിന്റെ താൽപര്യം അതിന് നേരെ വിപരീതമാണ്. ഒരു പ്രവാചകന് അല്ലാഹു നൽകിയ ശരീഅത്ത് ഏതായിരുന്നാലും ആ സമുദായത്തെ സംബന്ധിച്ചേടത്തോളം അത് ദീനായിരുന്നു. അദ്ദേഹത്തിന്റെ പ്രവാചകത്വ ഘട്ടത്തിൽ അതിന്റെ സംസ്ഥാപനം ആജ്ഞാപിക്കപ്പെട്ടതായിരുന്നു. ഇപ്പോൾ ഹ. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ ഘട്ടമാണല്ലോ. അതിനാൽ മുഹമ്മദീയ സമുദായത്തിനു നൽകപ്പെട്ട ശരീഅത്ത് ഈ ഘട്ടത്തിലെ ദീനാകുന്നു. അതിന്റെ സംസ്ഥാപനം തന്നെയാണ് ദീനിന്റെ സംസ്ഥാപനം. എന്നാൽ ശരീഅത്തുകൾ തമ്മിലുള്ള വ്യത്യാസമുണ്ടല്ലോ, അതിന്റെയർഥം ദൈവം അയച്ച ശരീഅത്തുകൾ പരസ്പര വിരുദ്ധങ്ങളാണ് എന്നല്ല. മറിച്ച് അതിന്റെ ശരിയായ അർഥം, അവയുടെ വിശദാംശങ്ങളിൽ പരിസ്ഥിതികളനുസരിച്ച് ചില വ്യത്യാസങ്ങളുണ്ടായിരുന്നു എന്നാണ്. ഉദാഹരണമായി നമസ്കാരവും നോമ്പും പരിശോധിച്ചുനോക്കുക. നമ

സ്കാരം എല്ലാ ശരീഅത്തുകളിലും നിർബന്ധ ബാധ്യതയായിരുന്നു. എങ്കിലും ഖിബ്‌ല എല്ലാ ശരീഅത്തുകളിലും ഒന്നായിരുന്നില്ല. നമസ്കാരസമയങ്ങളിലും റക്അത്തുകളിലും അതിന്റെ ഘടകങ്ങളിലും എല്ലാം വ്യത്യാസമുണ്ടായിരുന്നു. അതുപോലെ ഉപവാസവും എല്ലാ ശരീഅത്തുകളിലും ഫറദാക്കിയിരുന്നു. പക്ഷേ, റമദാനിലെ 30 ദിവസത്തെ വ്രതാനുഷ്ഠാനം മറ്റു ശരീഅത്തുകളിലുണ്ടായിരുന്നില്ല. ഇതിൽനിന്ന് കേവല നമസ്കാരവും നോമ്പും ഇഖാമത്തുദ്ദീനിൽ ഉൾപെട്ടതാണ്; പക്ഷേ, ഒരു പ്രത്യേക നാളുകളിലുള്ള വ്രതാനുഷ്ഠാനവും ഇഖാമത്തുദ്ദീനിന്നു പുറത്താകുന്നു എന്നൊരു ന്യായം ആവിഷ്കരിക്കുന്നത് ശരിയല്ലല്ലോ. അതിൽനിന്നു രുത്തിരിയുന്ന ശരിയായ വസ്തുത ഇതാണ്: ഓരോ പ്രവാചകന്റെ സമുദായത്തിനും അക്കാലത്തെ ശരീഅത്തിൽ നമസ്കാരത്തിനും നോമ്പിനും നിശ്ചയിക്കപ്പെട്ടിരുന്ന ചിട്ടകളെന്തൊക്കെയാണോ അക്കാലത്ത് ആ ചിട്ടപ്രാകാരം തന്നെ നമസ്കരിക്കലും നോമ്പനുഷ്ഠിക്കലും ഇഖാമത്തുദ്ദീനായിരുന്നു. ആ ഇബാദത്തുകൾക്ക് മുഹമ്മദീയ ശരീഅത്തിൽ നിശ്ചയിക്കപ്പെട്ട രീതിയേതാണോ അതനുസരിച്ചുതന്നെ അവ നിർവഹിക്കലാകുന്നു ഇന്നത്തെ ഇഖാമത്തുദ്ദീൻ. എല്ലാ ശരീഅത്ത് നിയമങ്ങളെയും ഈ രണ്ട് ഉദാഹരണങ്ങളോട് തുലനം ചെയ്യാവുന്നതാണ്.

വിശുദ്ധ ഖുർആൻ കണ്ണുതുറന്നു വായിക്കുന്ന ആർക്കും ഈ ഗ്രന്ഥം അതിന്റെ വാഹകരെ കുഫ്റിന്റെയും കാഫിറുകളുടെയും പ്രജകളായി സങ്കൽപിച്ച്, അതിജയിക്കപ്പെട്ടവരെന്ന നിലയിൽ മതജീവിതം നയിക്കുന്നതിനുള്ള പരിപാടി നൽകുകയല്ല, മറിച്ച് പരസ്യമായി അതിന്റെ ആധിപത്യം സ്ഥാപിക്കാനാവശ്യപ്പെടുകയാണ് എന്ന് വ്യക്തമായി മനസ്സിലാകുന്നതാണ്. ചിന്താപരവും ധാർമികവും സാംസ്കാരികവും രാഷ്ട്രീയവുമായ തലങ്ങളെ സത്യദീൻ ജേതാവാകുന്നതിനു വേണ്ടി പോരാടാൻ അത് അതിന്റെ അനുയായികളോടാവശ്യപ്പെടുകയും മാനവജീവിതം സംസ്കരിക്കുവാനുള്ള പദ്ധതി നൽകുകയും ചെയ്യുന്നു. ഭരണാധികാരം വിശ്വാസികളുടെ കരങ്ങളിലാകുമ്പോൾ മാത്രമേ ഈ പദ്ധതിയുടെ ഏറിയ ഭാഗവും പ്രാവർത്തികമാക്കാനാകൂ. ഈ ഗ്രന്ഥം അതിന്റെ അവതരണ ലക്ഷ്യം പ്രഖ്യാപിച്ചിട്ടുള്ളതിങ്ങനെയാണ്:

‘നാമിതാ ഈ വേദം സത്യസമേതം താങ്കൾക്ക് അവതരിപ്പിച്ചുതന്നിരിക്കുന്നു. അത്, അല്ലാഹു കാണിച്ചുതന്നപ്രകാരം താങ്കൾ ജനത്തിനിടയിൽ വിധി കൽപിക്കേണ്ടതിനാകുന്നു.’ (അന്നിസാഉ് 105)

ഈ ഗ്രന്ഥം അവതരിപ്പിക്കുന്ന സകാത്തു സംഭരണ വിതരണ നിയമങ്ങൾക്കു പിന്നിൽ, നിശ്ചിത വ്യവസ്ഥയനുസരിച്ച് സകാത്ത് ശേഖരിക്കുകയും അർഹർക്ക് എത്തിച്ചുകൊടുക്കാൻ ഉത്തരവാദപ്പെട്ട ഒരു ഭരണകൂടത്തിന്റെ സങ്കൽപമുള്ളതായിക്കാണാം (അത്തൗബ 20-103). ഈ ഗ്രന്ഥം പലിശ സമ്പ്രദായം അവസാനിപ്പിക്കുന്നതിന് നൽകിയ വിധിയും പലിശ ഭോജനം തുടരുന്നവർക്കെതിരിൽ പ്രഖ്യാപിച്ച യുദ്ധവും (അൽ ബഖറ 275-279) രാജ്യത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളുടെ നിയന്ത്രണം പൂർണമായും വിശ്വാസികളുടെ കരങ്ങളിലാകുന്ന സാഹചര്യത്തിൽ മാത്രമേ പ്രായോഗികമാകൂ. കൊലയാളിയെ പ്രതിക്രിയക്ക് വിധേയനാക്കാനും (അൽബഖറ: 178) മോഷ്ടാവിനെ കരഛേദം ചെയ്യാനും (അൽമാഇദ: 38) വ്യഭിചാരിയെയും വ്യഭിചാരാരോപകനെയും ശിക്ഷിക്കാനും (അന്നൂർ: 2-4) ഈ ഗ്രന്ഥം വിധിച്ചിട്ടുള്ളത്, ആ വിധികൾ അംഗീകരിക്കുന്ന ആളുകൾ സത്യനിഷേധികളുടെ പോലീസിനും കോടതിക്കും കീഴിൽ വാഴുന്നവരായിക്കും എന്ന സങ്കൽപത്തോടെയല്ല. ഈ ഗ്രന്ഥം സത്യനിഷേധികളോട് സമരംചെയ്യാൻ കൽപിച്ചിട്ടുള്ളത് (അൽബഖറ: 190-216) ഈ ദീനിന്റെ അനുയായികൾ കുഫ്റിന്റെ ഭരണത്തിലുള്ള സൈന്യത്തെ പോഷിപ്പിച്ചുകൊണ്ട് ആ വിധി നടപ്പാക്കുമെന്ന് കരുതിയിട്ടല്ല. മുസ്‌ലിംകൾ അവിശ്വാസികളുടെ പ്രജകളായിക്കൊണ്ട് വേദക്കാരിൽനിന്ന് സംരക്ഷണമൂല്യം സ്വീകരിക്കുകയും അവരുടെ സംരക്ഷണോത്തരവാദിത്വം ഏറ്റെടുക്കുമെന്ന് സങ്കൽപിച്ചുകൊണ്ടല്ല ഈ ഗ്രന്ഥം വേദക്കാരിൽനിന്ന് സംരക്ഷണമൂല്യം സ്വീകരിക്കാൻ (അത്തൗബ: 29) വിധിച്ചിട്ടുള്ളത്. ഈ സംഗതികൾ മദീനയിവതരിച്ച സൂറതുകളിൽ മാത്രം പരിമിതവുമല്ല. ആരംഭംതൊട്ടേ ഈ ഗ്രന്ഥം വരച്ചുകാണിക്കുന്നത് ദീനിന്റെ അധീശത്വവും അധികാരവുമാണെന്നും കുഫ്റിന്റെ ഭരണത്തിൻകീഴിൽ ദീനും ദീൻവാഹകരും ദിമ്മികളായിക്കഴിയുന്ന ചിത്രമല്ലെന്നും കാഴ്ചയുള്ള കണ്ണുകൾക്ക് മക്കി സൂറകളിലും തെളിഞ്ഞു കാണാവുന്നതാണ്. ഉദാഹരണത്തിന് തഫ്ഹീമുൽ ഖുർആൻ രണ്ടാം വാള്യം 233, 237, 238 മൂന്നാം വാള്യം 665-667, 730-732 പേജുകളും നാലാം ഭാഗം അസ്സ്വാഫത്ത് 171-179 (കുറിപ്പുകൾ 93-94) സൂറ സ്വാദ് ആമുഖവും 11-ാം സൂക്തം വ്യാഖ്യാനസഹിതവും കാണുക.

സാക്ഷാൽ മുഹമ്മദ് നബി (സ) തന്റെ 23 വർഷം നീണ്ടുനിന്ന ദൗത്യകാലത്ത് നിർവഹിച്ച മഹത്തായ പ്രവർത്തനത്തോടു തന്നെയാണ് ഈ അബദ്ധവ്യാഖ്യാനം ഒന്നാമതായി ഏറ്റുമുട്ടുന്നത്. കൂടാതെ, നബി(സ) പ്രബോധനവും ആയുധവും രണ്ടും ഉപയോഗിച്ച് അറബികളെയെല്ലാം അതിജയിച്ച് സ്ഥാപിച്ചത് വിശ്വാസകാര്യങ്ങളും ആരാധനകളും തൊട്ട് സ്വകാര്യ ഇടപാടുകളെയും സാമൂഹികം, ധാർമികം, സാംസ്കാരികം, നാഗരികം, രാഷ്ട്രീയം, നീതി, യുദ്ധം, സന്ധി എന്നു വേണ്ട ജീവിതത്തിന്റെ എല്ലാ കോണുകളെയും ചൂഴ്ന്നുനിൽക്കുന്ന ഒരു സമഗ്ര നിയമസംഹിതയോടുകൂടിയ ഒരു സമ്പൂർണ ഭരണവ്യവസ്ഥയായിരുന്നുവെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്! ഈ പ്രവർത്തനങ്ങളെല്ലാം മറ്റല്ലാ പ്രവാചകന്മാരോടൊപ്പം തിരുമേനിക്ക് നൽകപ്പെട്ട ‘ദീൻ സ്ഥാപിക്കുക എന്ന വിധിയുടെ വ്യഖ്യാനമായി അംഗീകരിക്കപ്പെടുന്നില്ലെങ്കിൽ, പിന്നെ അതിന് രണ്ടാലൊരർഥമേയുള്ളൂ. ഒന്നുകിൽ -മആദല്ലാഹ്- തിരുമേനി(സ)യുടെ പേരിൽ ഇങ്ങനെ കുറ്റാരോപണം നടത്തുക: വിശ്വാസകാര്യങ്ങളും മഹത്തായ ധാർമിക മൂല്യങ്ങളും പ്രബോധനം ചെയ്യാൻ മാത്രമായിരുന്നു അദ്ദേഹം കൽപിക്കപ്പെട്ടിരുന്നത്. പക്ഷേ, അദ്ദേഹം അതിനപ്പുറം കടന്ന് സ്വന്തമായി ഒരു ഭരണകൂടം സ്ഥാപിക്കുകയും വിശദമായ ഒരു നിയമസംഹിതയുണ്ടാക്കുകയും ചെയ്തുകളഞ്ഞു. പ്രവാചകന്മാരുടെ ശരീഅത്തുകളിൽ പൊതുവായിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായതും അധികമായതുമാണത്. അതല്ലെങ്കിൽ അല്ലാഹുവിന്റെ പേരിൽ ഇങ്ങനെ കുറ്റമാരോപിക്കുക. സൂറ: ശൂറായിൽ ഉപര്യുക്ത വിളംബരം ചെയ്തുകഴിഞ്ഞശേഷം അല്ലാഹുതന്നെ തന്റെ വിളംബരത്തിൽനിന്നു വ്യതിചലിച്ചുപോയി. അവൻ തന്റെ പ്രവാചകനെകൊണ്ട് ഈ സൂറയിൽ പ്രഖ്യാപിച്ച ‘ഇഖാമത്തുദ്ദീനി’നെക്കാൾ വളരെ ഏറിയതും വ്യത്യസ്തമായതുമായ കാര്യങ്ങൾ ചെയ്യിക്കുക മാത്രമല്ല, അതു പൂർത്തീകരിച്ചുകൊണ്ട് തന്റെ മുൻപ്രഖ്യാപനത്തിന് വിരുദ്ധമായി ഇങ്ങനെ മറ്റൊരു പ്രഖ്യാപനംകൂടി ചെയ്തുകളഞ്ഞു. ‘ഇന്നു ഞാൻ നിങ്ങളുടെ ദീൻ പൂർത്തീകരിച്ചുതന്നിരിക്കുന്നു’ (ആദനല്ലാഹു മിൻ ദാലിക്ക) ഈ രണ്ടു രൂപങ്ങളല്ലാതെ, ഇഖാമത്തുദ്ദീനിന്റെ ഈ വ്യാഖ്യാനം നിലനിൽക്കുന്നതും അല്ലാഹുവിന്റെയും റസൂലിന്റെയും പേരിൽ കുറ്റാരോപണം പതിയാത്തതുമായ മൂന്നാമതൊരു രൂപമുണ്ടെങ്കിൽ തീർച്ചയായും നമുക്കതറിയണം. ‘ഇഖാമത്തുദ്ദീൻ’ കൽപിച്ച ശേഷം അല്ലാഹു ഈ സൂക്തത്തിൽ അവസാനമരുളിയത്, ‘അതിൽ ഭിന്നിക്കരുത്’ എന്നാണ്. ദീനിൽ ഭിന്നിപ്പുകൊണ്ട് ഉദ്ദേശ്യം മനുഷ്യൻ ദീനിനകത്ത് ബുദ്ധിപരമായ സാധ്യതയില്ലാത്ത വല്ല പുതിയ കാര്യവും സ്വന്തം വകയായി ആവിഷ്കരിക്കുകയും താൻ ആവിഷ്കരിച്ച സംഗതിയെ അംഗീകരിക്കുകയാണ് ഈമാനിന്റെയും കുഫ്റിന്റെയും അച്ചാണി എന്ന് ശഠിക്കുകയുമാകുന്നു. തുടർന്ന് അത് അംഗീകരിക്കുന്നവർ അംഗീകരിക്കാത്തവരിൽനിന്ന് വേർപെടുന്നു. ഈ പുതിയ സംഗതി പല വിധത്തിലുണ്ടാകാവുന്നതാണ്. ദീനിൽ ഇല്ലാത്ത കാര്യങ്ങൾ കൊണ്ടുവന്ന് കൂട്ടിച്ചേർക്കലാവാം. ദീനിൽ ഉൾപെട്ട കാര്യങ്ങൾ അതിൽനിന്ന് ഒഴിവാക്കലുമാകാം. ദീനിപ്രമാണങ്ങളിൽ ഭേദഗതിയുടെ പരിധിയോളമെത്തുന്ന വ്യാഖ്യാനങ്ങൾ ചമച്ച് പുതിയ വിശ്വാസങ്ങളും പുതുമയുള്ള കർമങ്ങളു

മാവിഷ്കരിക്കുന്നതും ദീനിൽ ഭിന്നിക്കുന്ന തിന്റെ രൂപങ്ങളിൽപെടുന്നു. ദീൻകാര്യങ്ങൾ മാറ്റിമറിച്ച് അവയുടെ സ്വഭാവം താറുമാ റാക്കുന്നതും ഈ ഭിന്നിപ്പിന്റെ ഒരു രൂപം തന്നെ. ഉദാഹരണമായി, സുപ്രധാനമായ ഒരു കാര്യത്തെ അപ്രധാനമാക്കുക, കവി ഞ്ഞാൽ അനുവദനീയതയുടെ നിലപാടുള്ള കാര്യങ്ങളെ നിർബന്ധവും ബാധ്യതയും എന്നല്ല, അതിലുപരി ദീനിന്റെ അടിസ്ഥാന സ്തംഭവുമൊക്കെ ആക്കുക. ഈവിധ ചെയ്തികളിലൂടെയാണ് പ്രവാചകന്മാരുടെ സമൂഹങ്ങളിൽ ആദ്യം ഭിന്നിപ്പുളവാകാറു ള്ളത്. പിന്നെ ആ വിഭാഗങ്ങളുടെ വീക്ഷ ണങ്ങൾ ക്രമേണ വ്യത്യസ്തവും സ്വതന്ത്ര വുമായ ദീനുകളായിത്തീരുന്നു. ഈ മത ങ്ങളുടെയെല്ലാം മൂലം ഒന്നായിരുന്നുവെന്ന സങ്കൽപംപോലും ഇന്ന് അവയുടെ അനു യായികളിൽ അവശേഷിക്കാതായിരിക്കുന്നു. ഈ ഭിന്നിപ്പുകൾക്ക് അനുവദനീയവും യുക്തിസഹവുമായ അഭിപ്രായ വൈവിധ്യ വുമായി യാതൊരു ബന്ധവുമില്ല. ദീനീ നിയമങ്ങൾ ഗ്രഹിക്കുന്നതിലും പ്രമാണങ്ങ ളുപഗ്രഥിച്ച് പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിലും പണ്ഡിതന്മാർക്കിടയിൽ സ്വാഭാവികമായുണ്ടാകുന്നതാണത്. ഭാഷയും ഭാഷാനിയമങ്ങളും പ്രയോഗസ മ്പ്രദായവുമനുസരിച്ച് ദൈവികഗ്രന്ഥ ത്തിലെ വാക്കുകളിൽതന്നെ അത്തരം അഭി പ്രായ വ്യത്യാസങ്ങളുണ്ടാകാൻ പഴുതുണ്ടാ യിരിക്കുകയും ചെയ്യും.